LCO/10218/2021-ഇ(2)

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം– 695 033,
തീയതി 17-01-2025

## സർക്കുലർ നമ്പർ 02/2025

വിഷയം: തൊഴിൽ വകുപ്പ് - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നത് – കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : - 1. ഈ കാര്യാലയത്തിലെ 22/09/2021 തീയതിയിലെ 25/2021 നമ്പർ സർക്കുലർ
2. 18/10/2020 തീയതിയിലെ 14/2022 നമ്പർ സർക്കുലർ

തൊഴിൽ വകുപ്പിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട ഉദ്യോഗസ്ഥരെല്ലാവരും SCORE മുഖേന ആയത് സമയബന്ധിതമായി സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം സൂചന പ്രകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ, SCORE പരിശോധിച്ചതിൽ എല്ലാ ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതായി കാണുന്നില്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ട് യഥാസമയം ലഭിക്കാത്തതിനാൽ വിവിധ തസ്തികകളിലേയ്ക്കുള്ള വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി ചേരുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വൈകുന്നതിന് ഇടയാകുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന കർശന നിർദ്ദേശങ്ങൾ നൽകുന്നു.

1. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട ഉദ്യോഗസ്ഥരെല്ലാവരും ഓരോ കലണ്ടർ വർഷത്തെയും കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൊട്ടടുത്ത വർഷം ജനുവരി 31 നു മുമ്പായി SCORE മുഖേന ലഭ്യമാക്കേണ്ടതാണ്.
2. 2022, 2023 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാർ ആയത് അതാത് റിപ്പോർട്ടിംഗ് ഓഫീസർക്ക് അടിയന്തിരമായി സമർപ്പിക്കേണ്ടതും റിപ്പോർട്ടിംഗ് ഓഫീസർമാർ/റിവ്യൂവിംഗ് ഓഫീസർമാർ സമയബന്ധിതമായി ഇവ പരിശോധിച്ച് തിരികെ കൊടുക്കേണ്ടതും 31.01.2025 നു മുമ്പായി ലേബർ കമ്മീഷണർ മുൻപാകെ

ലഭ്യമാക്കേണ്ടതുമാണ്.

3. 2024 വർഷത്തെ ആന്വൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് 31.01.2025 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത ജീവനക്കാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല.

Safna Nazarudeen

LABOUR COMMISSIONER

**പകർപ്പ്**

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ് സൈറ്റ് മുഖേന)